"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**<u>സംഗ്രഹം</u>**

തദ്ദേശ സ്വയംഭരണ വകുപ്പ് - 2025-ലെ പൊതുസ്ഥലംമാറ്റം സംബന്ധിച്ച് അപ്പീൽ - ബഹു. കേരള അഡ്മിനിസ്ട്രേറ്റീവ് ട്രിബ്യൂണൽ മുമ്പാകെ മാത്തൂർ ഗ്രാമ പഞ്ചായത്ത് സെക്രട്ടറി ശ്രീ. ഗോപകുമാർ കെ. ഫയൽ ചെയ്ത MA No. 1753/2025 in OA 1536/2025 മേലുള്ള 09/10/2025 ലെ ഉത്തരവ് നടപ്പിലാക്കി - ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**തദ്ദേശ സ്വയംഭരണ (ഇപിബി) വകുപ്പ്**

സ.ഉ.(സാധാ) നം.2563/2025/LSGD തീയതി,തിരുവനന്തപുരം, 24-10-2025

---

പരാമർശം:-

1. ശ്രീ. ഗോപകുമാർ കെ. ഓൺലൈൻ പോർട്ടൽ മുഖേന സമർപ്പിച്ച 03.07.2025-ലെ അപ്പീൽ അപേക്ഷ.
2. സ.ഉ.(സാധാ) നം. 1856/2025/തസ്വഭവ തീയതി 28.07.2025
3. തദ്ദേശ സ്വയംഭരണ വകുപ്പ് പ്രിൻസിപ്പൽ ഡയറക്ടർ ഓൺലൈൻ പോർട്ടലിലൂടെ സമർപ്പിച്ച 31.08.2025-ലെ റിപ്പോർട്ട്.
4. സംസ്ഥാന തിരഞ്ഞെടുപ്പ് കമ്മീഷന്റെ 03.10.2025-ലെ B2/101/2025-SEC നമ്പർ ഉത്തരവ്
5. MA No. 1753 /2025 in OA 1536/2025 മേലുള്ള ബഹു. കേരള അഡ്മിനിസ്ട്രേറ്റീവ് ട്രിബ്യൂണലിന്റെ 09/10/2025 ലെ ഉത്തരവ്
6. ശ്രീ. ഗോപകുമാർ കെ. സമർപ്പിച്ച 13/10/2025 ലെ അപേക്ഷ.

**<u>ഉത്തരവ്</u>**

തദ്ദേശ സ്വയംഭരണ വകുപ്പ്പാലക്കാട് ജില്ലയിലെ മാത്തൂർ ഗ്രാമ പഞ്ചായത്ത് സെക്രട്ടറി ശ്രീ. ഗോപകുമാർ കെ. തിരുവനന്തപുരം ജില്ലയിലെ നഗരൂർ ഗ്രാമ പഞ്ചായത്ത് ഉൾപ്പെടെ 11 സ്റ്റേഷനുകൾ ഓപ്റ്റ് ചെയ്തുകൊണ്ട് 2025-ലെ പൊതു സ്ഥലമാറ്റത്തിന് അപേക്ഷിച്ചിരുന്നുവെങ്കിലും ടിയാന് സ്ഥലംമാറ്റം ലഭിച്ചിരുന്നില്ല. ആയതിനെതിരെ പൊതുസ്ഥലംമാറ്റം സംബന്ധിച്ച ഓൺലൈൻ പോർട്ടലിലൂടെ ടിയാൻ പരാമർശം (1) പ്രകാരം അപ്പീൽ ഫയൽ ചെയ്തിരുന്നു. ടി അപ്പീലിന്മേൽ തദ്ദേശ സ്വയംഭരണ വകുപ്പ് പ്രിൻസിപ്പൽ ഡയറക്ടർ പരാമർശം (3) പ്രകാരം ലഭ്യമാക്കിയ റിപ്പോർട്ടിൽ, പൊതുസ്ഥലംമാറ്റത്തിന് അപേക്ഷിച്ചിരുന്ന മാത്തൂർ ഗ്രാമ പഞ്ചായത്ത് സെക്രട്ടറി ശ്രീ. ഗോപകുമാർ കെ. തിരുവനന്തപുരം

ജില്ലയിലെ ജില്ലയ്ക്ക് പുറത്ത് ജോലി ചെയ്യുന്ന ജീവനക്കാരുടെ അന്തിമ ക്യൂ ലിസ്റ്റിൽ ക്രമ നം. 24 ആയി ഉൾപ്പെട്ടിട്ടുണ്ടെന്നും ടിയാളുടെ ഔട്ട് സ്റ്റേഷൻ സീനിയോറിറ്റി കാലയളവ് രണ്ട് വർഷവും 6 മാസവും 4 ദിവസവും (ആകെ 917 ദിവസം) ആണെന്നും ടിയാൻ സ്ഥലംമാറ്റത്തിന് ഓപ്റ്റ് ചെയ്തിരുന്ന സ്റ്റേഷനുകളിൽ 9-ാമത്തെ ഓപ്ഷനായ തിരുവനന്തപുരം ജില്ലയിലെ നഗരൂർ ഗ്രാമ പഞ്ചായത്തിൽ സ്ഥലംമാറ്റം ലഭിക്കുന്നതിന് ടിയാൻ അർഹനായിരുന്നുവെന്നും എന്നാൽ ടി സ്റ്റേഷനിലേയ്ക്ക് ശ്രീമതി അനു അലക്സ്-നാണ് സ്ഥലംമാറ്റം അനുവദിച്ചിരിക്കുന്നതെന്നും ആയതിനാൽ ടിയാന്റെ അപ്പീൽ പരിഗണനാർഹമാണെന്നും റിപ്പോർട്ട് ചെയ്യുകയുണ്ടായി.

2. മേൽ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ ശ്രീ. ഗോപകുമാറിന്റെ അപ്പീൽ പരാമർശം (2) പ്രകാരം രൂപീകരിച്ചിട്ടുള്ള അപ്പീൽ കമ്മിറ്റി പരിഗണിക്കുകയും അപ്പീൽ അംഗീകരിക്കാവുന്നതാണ് എന്ന് പോർട്ടലിൽ തന്നെ രേഖപ്പെടുത്തി തുടർ നടപടികൾക്കായി 17.09.2025-ന് തദ്ദേശ സ്വയംഭരണ വകുപ്പ് പ്രിൻസിപ്പൽ ഡയറക്ടർക്ക് നൽകുകയുണ്ടായി. എന്നാൽ അതുപ്രകാരം പ്രിൻസിപ്പൽ ഡയറക്ടർ തുടർ നടപടി സ്വീകരിച്ചിരുന്നില്ല.

3. 2025-ലെ അന്തിമ സ്ഥലംമാറ്റ ഉത്തരവിൽ തന്നെ പരിഗണിച്ചില്ല എന്നും വിരമിക്കാൻ രണ്ട് വർഷത്തിൽ താഴെ മാത്രം കാലയളവുള്ള തനിക്ക് മാതൃ ജില്ലയായ തിരുവനന്തപുരം ജില്ലയിൽ ഓപ്റ്റ് ചെയ്ത സ്റ്റേഷനിൽ നിയമനം നൽകണമെന്നും അഭ്യർത്ഥിച്ച് ശ്രീ. ഗോപകുമാർ കെ. ബഹു. കേരള അഡ്മിനിസ്ട്രേറ്റീവ് ട്രിബ്യൂണൽ മുമ്പാകെ OA 1536/2025 നമ്പരായി കേസ് ഫയൽ ചെയ്തിരുന്നു. തുടർന്ന് ടി കേസിൽ ടിയാൻ ഫയൽ ചെയ്ത MA No. 1753 /2025 -ന്മേലുള്ള ബഹു. ട്രിബ്യൂണലിന്റെ പരാമർശം (5)-ലെ ഉത്തരവിൽ, സ്ഥലംമാറ്റവുമായി ബന്ധപ്പെട്ട് ടിയാൻ സമർപ്പിച്ച അപ്പീൽ ടി ഉത്തരവ് തീയതി (09.10.2025) മുതൽ രണ്ടാഴ്ചയ്ക്കകം തീർപ്പാക്കുന്നതിന് ഒന്നാം എതിർകക്ഷിയായ സർക്കാരിനോട് നിർദ്ദേശിച്ചിരുന്നു.

4. ബഹു. ട്രിബ്യൂണലിന്റെ മേൽ ഉത്തരവിന്റെ അടിസ്ഥാനത്തിൽ സർക്കാർ ഇക്കാര്യം പരിശോധിച്ചു. ശ്രീ. ഗോപകുമാർ കെ. ഓൺലൈനായി സമർപ്പിച്ച അപ്പീൽ അപേക്ഷ പരിഗണിച്ച അപ്പീൽ കമ്മിറ്റി, അപ്പീൽ അംഗീകരിക്കാവുന്നതാണ് എന്ന് 17/09/2025 ൽ പോർട്ടലിൽ തന്നെ രേഖപ്പെടുത്തി ആയത് തുടർ നടപടികൾക്കായി തദ്ദേശ സ്വയംഭരണ വകുപ്പ് പ്രിൻസിപ്പൽ ഡയറക്ടർക്ക് നൽകിയിരുന്നുവെങ്കിലും അതുപ്രകാരം തുടർ നടപടിയുണ്ടാകാത്ത സാഹചര്യത്തിൽ, ശ്രീ. ഗോപകുമാർ കെ. പൊതുസ്ഥലംമാറ്റത്തിനായി നൽകിയ ഓപ്ഷനുകളിൽ ടിയാന്റെ 9-ാം ഓപ്ഷനായ തിരുവനന്തപുരം ജില്ലയിലെ നഗരൂർ ഗ്രാമ പഞ്ചായത്തിൽ സ്ഥലംമാറ്റം ലഭിക്കുന്നതിന് ടിയാൻ അർഹനാണെന്ന് നിരീക്ഷിച്ച്, ടിയാനെ നഗരൂർ ഗ്രാമ പഞ്ചായത്തിലെ നിലവിലെ സെക്രട്ടറി ശ്രീമതി അനു അലക്സ്-നെ സ്ഥലംമാറ്റി പ്രസ്തുത ഒഴിവിൽ നിയമിക്കുന്നതിനായി പരാമർശം (4) ഉത്തരവിലെ ഖണ്ഡിക 10-ലെ വ്യവസ്ഥാനുസരണം സംസ്ഥാന തിരഞ്ഞെടുപ്പ് കമ്മീഷന്റെ/ജില്ലാ തിരഞ്ഞെടുപ്പ് ഓഫീസറുടെ മുൻകൂർ അനുമതി തേടി തുടർ നടപടി സ്വീകരിക്കുന്നതിന് തദ്ദേശ സ്വയംഭരണ വകുപ്പ് പ്രിൻസിപ്പൽ ഡയറക്ടർക്ക് നിർദ്ദേശം നൽകി ഉത്തരവാകുന്നു.

5. ബഹു. കേരള അഡ്മിനിസ്ട്രേറ്റീവ് ട്രിബ്യൂണലിന്റെ പരാമർശം (5)-ലെ നിർദ്ദേശങ്ങൾ

ഇപ്രകാരം പാലിച്ചിട്ടുണ്ട്.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
പദ്മിനി കെ എസ്
ഡെപ്യൂട്ടി സെക്രട്ടറി

ശ്രീ. ഗോപകുമാർ കെ., സെക്രട്ടറി, മാത്തൂർ ഗ്രാമ പഞ്ചായത്ത്, പാലക്കാട്
പ്രിൻസിപ്പൽ ഡയറക്ടർ, തദ്ദേശ സ്വയം ഭരണ വകുപ്പ്, തിരുവനന്തപുരം
അഡ്വക്കേറ്റ് ജനറൽ, കേരള, തിരുവനന്തപുരം (ആമുഖ കത്ത് സഹിതം)
വിവര പൊതുജന സമ്പർക്ക (വെബ് & ന്യൂ മീഡിയ ) വകുപ്പ്, തിരുവനന്തപുരം
കരുതൽ ഫയൽ/ ഓഫീസ് പകർപ്പ് (ഫയൽ നം. EPB1/215/2025-LSGD)

ഉത്തരവിൻ പ്രകാരം

Signed by Riju M Das
Date: 24-10-2025 00:18:03

സെക്ഷൻ ഓഫീസർ